# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.8/511/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 31/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (Aims മുഖേന),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം (E mail മുഖേന)
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.8/511/2023 തീയ്യതി: 31/03/2023

## മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2022 മുതൽ 12-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-03-2023 | 20-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-03-2023 | 20-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ്.എം.പി,ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഫാറൂഖ്.കെപി,അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുജിത.പി.കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അഡ്വ.ഇ.സിന്ധു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അമൽ ദാസ്.കെ.ജെ | സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീ.ബൈജു എം | സെക്രട്ടറി | 11-05-2021 | 04-08-2021 |
| ശ്രീ.അമൽ ദാസ്.കെ.ജെ | സെക്രട്ടറി | 05-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. വിധു.വി.എസ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 15-11-2021 |
| ശ്രീ. മുഹസിൻ മൊയ്തീൻ | ക്ഷീര വികസന ഓഫീസർ | 16-11-2021 | 31-03-2022 |
| ശ്രീമതി ഷീല.എസ് | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 31-03-2022 |
| ഡോ.അരുൺനാഥ് സോമനാഥൻ | മെഡിക്കൽ ഓഫീസർ( സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീജിത്ത്.എം | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സീമ.സി | അസിസ്റ്റന്റ് ഡയറക്ടർ ഫിഷറീസ് | 01-04-2021 | 31-03-2022 |
| ശ്രീ.ഹരീഷ് കുമാർ.പി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2021 | 02-07-2021 |
| ശ്രീ. ശിഹാബുദ്ദീൻ പി | പട്ടിക ജാതി വികസന ഓഫീസർ | 03-07-2021 | 31-03-2022 |
| ശ്രീമതി. പ്രീത.ടി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 12-08-2021 |
| ശ്രീ.അനിൽ കുമാർ.എൻ | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | 01-04-2021 | 06-07-2021 |
| ശ്രീ.അജയകുമാർ പി | അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ | 07-07-2021 | 31-03-2022 |
| ശ്രീമതി.സുജാ ദേവി എസ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2021 | 27-10-2021 |

| | | | |
|---|---|---|---|
| ശ്രീമതി. ആശാ റാണി പി എസ് | ശിശു വികസന പദ്ധതി ഓഫീസർ | 28-10-2021 | 31-03-2022 |
| ശ്രീ. ജിജോ ടി.ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 13-08-2021 | 31-03-2022 |
| ശ്രീ. പ്രഭാകരൻ കെ.ബി. | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നും കട്ടിൽ വാങ്ങി. | 1-12 |
| 13 | എസ്.സി കുട്ടികൾക്ക് സ്റ്റഡി സെന്റർ- അപാകതകൾ | 1-13 |
| 14 | ഒക്കുപ്പേഷൻ തെറാപ്പിക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകത | 1-14 |
| 15 | ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യിട്ടില്ല | 1-15 |
| 16 | മരാമത്ത് പ്രവൃത്തി അപാകതകൾ - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 13080 രൂപ തിരിച്ചടവാക്കി | 1-16 |
| 17 | പട്ടുതാക്കുളം-മീൻകൃഷി-അപാകതകൾ | 1-17 |
| 18 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം അനുവദിച്ചു. | 1-17-1 |
| 19 | രേഖകൾ ഹാജരാക്കിയില്ല | 1-17-2 |
| 20 | ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-17-3 |
| 21 | ആടും കൂടും പദ്ധതി -അപാകതകൾ | 1-18 |
| 22 | പശു വളർത്തൽ പദ്ധതി -അപാകതകൾ | 1-19 |
| 23 | MO CHC യുടെ SIDCO യിൽ നിന്നുള്ള വാങ്ങൽ-നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-20 |
| 24 | സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങൽ സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപടിക്രമങ്ങൾ പാലിച്ചില്ല. | 1-21 |
| 25 | യു.പി.എസ് വില അധികം നൽകിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 2400 രൂപ തിരിച്ചടവാക്കി. | 1-22 |
| 26 | ഗവ: സ്കൂളിൽ ബാലികാ സൗഹൃദ വിശ്രമമുറി - പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ- ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-23 |

| | | |
|---|---|---|
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./ തിയ്യതി |
|---|---|
| 1/16.02.0201 | 1/28.02.2022 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 20.06.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7125811 |
| വരവ് | 58164878 |
| ആകെ | 65290689 |
| ചെലവ് | 59394551 |
| നീക്കിയിരിപ്പ് | 5896138 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 00 | 22197000 | 22197000 | 22197000 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 00 | 8203000 | 8203000 | 8203000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 00 | 5739773 | 5739773 | 5739773 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 00 | 6249570 | 6249570 | 6249570 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് | 00 | 4170999 | 4170999 | 4270999 | -100000 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2021-22 | 103 | 88912103 | 96 | 50830892 | 0 | 7 | 93.20 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല.

### 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

### 1-7 ക്ഷേമ പദ്ധതികൾ

ബാധകമല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.03.2023 ന് 03:00 പി.എം-ന് സ്ഥാപന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ഇനത്തിൽ ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1.പട്ടികജാതി വികസന ഓഫീസർ,ഫിഷറീസ് അസി. ഡയറക്ടർ, സീനിയർ വെറ്ററിനറി സർജൻ എന്നിവർ കാഷ് ബുക്ക് ,പ്രോജെക്ട് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.
2.നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ അപാകതകളുണ്ട്. വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്(എ.ഡി.സി) | 13.07.2022 | 2021-22 | 16.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.06.17-30.06.17 | 2012-13 മുതൽ 2016-17 വരെ | 25-08-2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപ്ഡേറ്റ് ചെയ്യാത്തതിനാൽ B-7 പ്രകാരമുള്ള തുകകളുടെ ക്രമീകരണം സംബന്ധിച്ച കൃത്യത പരിശോധിക്കാനായിട്ടില്ല.

3. മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപ്ഡേറ്റ് ചെയ്യാത്തതിനാൽ B-18 പ്രകാരമുള്ള തുകകളുടെ ക്രമീകരണം സംബന്ധിച്ച കൃത്യത പരിശോധിക്കാനായിട്ടില്ല.

4. മരങ്ങളുടെ ലേലമിനത്തിലെ രജിസ്റ്റർ പ്രകാരമുള്ള വരവിലെ 127467 രൂപ 340200102 എന്ന ഹെഡിലാണ് വരവ് ചേർത്തിരിക്കുന്നത്. വാർഷിക കണക്കിൽ (RP-5) 42250/- രൂപയേ വരവ് കാണിച്ചിട്ടുള്ളൂ.

5.മരാമത്ത് പ്രവൃത്തികളിൽ പാർട്ട് ബിൽ നൽകിയിട്ടുള്ളതും പൂർത്തീകരിക്കപ്പെടാത്തതുമായ പ്രവൃത്തികൾ നിലവിൽ ഇല്ല. എന്നാൽ ബാലൻസ് ഷീറ്റിൽ (B-11a) 1,79,13,919 രൂപ Capital Work In Progress എന്ന ഹെഡിൽ ബുക്ക് ചെയ്തിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.11/16.03.2023 ന് മറുപടിയായി 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന സമയത്ത് ഈ അപാകത പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 സർക്കാർ ഉത്തരവ് പാലിക്കാതെ ARTCO യിൽ നിന്നും കട്ടിൽ വാങ്ങി.

നിർവഹണോദ്യോഗസ്ഥൻ-പട്ടികജാതി വികസന ഓഫീസർ
പ്രൊജക്ടിന്റെ പേര്,നം- എസ് സി വയോജനങ്ങൾക്ക് കട്ടിൽ, SO 97/22
അടങ്കൽ-390400(വികസന ഫണ്ട്-scp)
ചെലവ്- 390400 രൂപ
BRN No.-21150463021800441764/24.09.2021-390400/-

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് അവർ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ.

2021-22 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില

എന്നിവ വ്യക്തമാക്കി GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ARTCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2021-22 വർഷത്തിൽ SCDO നിർവഹണം നടത്തിയ എസ് സി വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രൊജക്ട് പ്രകാരം കട്ടിൽ വാങ്ങിയത് ARTCO യിൽ നിന്നാണ്. പ്രൊജക്ടുകളുടെ നടത്തിപ്പിൽ താഴെ പറയും പ്രകാരം അപാകതകൾ ഉണ്ട്.

പ്രൊജക്ട് പ്രകാരം വാങ്ങിയ താഴെ കൊടുത്തിരിക്കുന്ന പ്രകാരമുള്ള കട്ടിൽ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങൽ GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾപ്രകാരം അംഗീകരിക്കപ്പെട്ട് കാണുന്നില്ല.

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | HW Cot- 198*90CM (Front Leg 60CM ,Back Leg 50CM) (8 MM PLYWOOD TOP) | 90 , @4350 | 391500/- |
| | ആകെ | | Rounded To 390400/- |

മേൽ പരാമർശിക്കപ്പെട്ട കട്ടിൽ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങിയതിന് ആധാരമാക്കിയ സർക്കാർ അനുമതി ലഭ്യമെങ്കിൽ ആയതും , മേൽ ഇനങ്ങൾ ARTCO ഉത്പാദിപ്പിക്കുന്നതാണ് എന്ന സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/18.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
പദ്ധതികൾ നടപ്പിലാക്കുമ്പോൾ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 390400/- രൂപ തടസ്സം ചെയ്യുന്നു.

## 1-13 എസ്.സി കുട്ടികൾക്ക് സ്റ്റഡി സെന്റർ- അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ- എസ് സി ഡെവലപ്മെന്റ് ഓഫീസർ
പ്രൊജക്ടിന്റെ പേര്,നം- എസ് സി കുട്ടികൾക്ക് സ്റ്റഡി സെന്റർ , 44/22

അടങ്കൽ-100000 (വികസന ഫണ്ട്-scp)

ചെലവ്- 100000

BRN No.-211504630218014O2620/21.03.2022-49330/-

211504630218O1359547/17.03.2022-14780/-

211504630218O1481549/26.03.2022-35890/-

സ.ഉ(സാധാ) നം. 1409/2021/തസ്വഭവ തീ.27.07.2021 ഉത്തരവ് പ്രകാരം കോവിഡ് പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഓൺലൈൻ പഠനത്തിനായി ഡിജിറ്റൽ വിദ്യാഭ്യാസ സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി പഠനകേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതിന് മേൽ പദ്ധതി പ്രകാരം സ്റ്റേഷനറി സാധനങ്ങളും താഴെ പറയും പ്രകാരം GEM പോർട്ടൽ വഴി പ്രൊജക്ടർ,പ്രിന്റർ,ലാപ് ടോപ്പ് എന്നിവയും വാങ്ങിയിട്ടുണ്ട്

| ഇനം | സ്ഥാപനം | ഇൻവോയ്സ് നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|
| മൾട്ടിമീഡിയ പ്രൊജക്ടർ | കോർപ്പറേറ്റ് ബിസിനസ് സൊല്യൂഷൻ | 2021-22/PKD-4443 19.03.2022 | 49330 |
| പ്രിന്റർ | | 2021-22/PKD-4197 | 14780 |

| | | | |
|---|---|---|---|
| | | 11.03.2022 | |
| HP ലാപ് ടോപ്പ് | മാൻ ഫ്രെയിം കമ്പ്യൂട്ടേഴ്സ് | MFCPL2606<br>19.03.2022 | 35000 |
| സ്റ്റേഷനറി സാധനങ്ങൾ | | | 890 |
| | | ആകെ | 100000 |

പഠനകേന്ദ്രം എവിടെയാണ് സജ്ജീകരിച്ചിട്ടുള്ളതെന്നും നിലവിൽ റഗുലർ ക്ലാസ്സുകൾ ആരംഭിച്ചതിനാൽ മേൽ പരാമർശിച്ച ഉപകരണങ്ങൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/18.03.2023) പഠനകേന്ദ്രം ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ തന്നെയുള്ള ഒ.എൻ.വി സ്മാരക ഹാളിലെ ഒരു റൂമിലാണ് സജ്ജീകരിച്ചിട്ടുള്ളതെന്നും പഠനസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി വാങ്ങിയ പ്രൊജക്ടർ,പ്രിന്റർ,ലാപ് ടോപ്പ് എന്നിവ പട്ടികജാതി വികസന ഓഫീസിൽ തന്നെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നും മറുപടി നൽകിയിട്ടുണ്ട്.

ഭൗതിക പരിശോധനയിൽ പഠനകേന്ദ്രം ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ തന്നെയുള്ള പൊതുപരിപാടികൾ നടക്കുന്ന ഹാളിനോടു ചേർന്നുള്ള മതിയായ സൗകര്യങ്ങൾ ഒരുക്കാത്ത ഒരു ചെറിയ റൂമാണെന്നും നിലവിൽ അടച്ചിട്ടിരിക്കുകയാണെന്നും പഠനോപകരണങ്ങൾ പട്ടികജാതി വികസന ഓഫീസിൽ നാളിതു വരെ ഉപയോഗിക്കപ്പെടാതെ സൂക്ഷിച്ചിരിക്കുകയാണെന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

പഠനകേന്ദ്രം മതിയായ സൗകര്യങ്ങൾ ഉറപ്പ് വരുത്തി പ്രവർത്തനസജ്ജമാക്കുന്നതു വരെ ചെലവു തുക 100000/- രൂപ തടസ്സം ചെയ്യുന്നു.

## 1-14 ഒക്കുപ്പേഷൻ തെറാപ്പിക്ക് ഉപകരണങ്ങൾ വാങ്ങൽ -അപാകത

നിർവഹണോദ്യോഗസ്ഥൻ- സി ഡി പി ഒ

പ്രൊജക്ടിന്റെ പേര്,നം- പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ഒക്കുപ്പേഷൻ തെറാപ്പി-89/22

അടങ്കൽ-400000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ്- 400000

ബിൽ നം.280/16.03.2022-280000/-

മേൽ പദ്ധതി പ്രകാരം ആകെ ചെലവു തുകയിൽ 280000/- രൂപ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ ചികിത്സ നൽകുന്നതിനായി തെറാപ്പി സെന്ററിലേക്ക് കുറ്റിപ്പുറം ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡിൽ നിന്ന് തെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ വിശദവിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം | ഉപകരണങ്ങളുടെ പേര് | നികുതിയുൾപ്പെടെയുള്ള വില |
|---|---|---|
| 1 | Tread Mill-Motorised | 50033 |
| 2 | Therapy Ball Set | 4139.99 |
| 3 | V Band Exerciser | 4751.99 |
| 4 | Theraputty Set | 3214.99 |
| 5 | Static Cycle Heavy Duty | 12911 |
| 6 | Smart Board | 127186.99 |
| 7 | Balance Board | 3202 |
| 8 | Standing Frame- Adjustable | 15114 |
| 9 | Wedge(Standard Size) | 2755 |
| 10 | Z Vibe | 4202 |
| 11 | Z Grabber | 1273.99 |
| 12 | The Right Bite | 1362 |
| | ആകെ | 280000 |

ഭൗതികപരിശോധന നടത്തിയതിൽ മേൽ ചേർത്തിരിക്കുന്ന ഉപകരണങ്ങൾ മാറഞ്ചേരി പി എച്ച് സി യിലെ ഒരു റൂമിൽ പെട്ടി പോലും പൊട്ടിക്കാതെ കിടക്കുന്നതായി കാണാൻ കഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താതെ

ഉപകരണങ്ങൾ പർച്ചേസ് ചെയ്യതിനും വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്രദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നും കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/20.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒക്കുപ്പേഷൻ തെറാപ്പി സെന്റർ പ്രവർത്തനസജ്ജമാക്കി വിവരമറിയിക്കുന്നതു വരെ 280000/- രൂപ തടസ്സം ചെയ്യുന്നു.

## 1-15 ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടില്ല

ജി.ഒ. (എം.എസ്) നമ്പർ 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില (ജി.എസ്.ടി.യുൾപ്പെടെ) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി അസി. എക്സി. എഞ്ചിനീയറുടെ പേരിൽ പാലപ്പെട്ടി എസ്.ബി.ഐ.യിൽ 15.03.2023 ലാണ് അക്കൗണ്ട് തുടങ്ങിയത്. (കറന്റ് അക്കൗണ്ട് നമ്പർ-41412942575) ഇതു വഴി നാളിതുവരെ യാതൊരു ഇടപാടുകളും നടത്തിയിട്ടില്ല.
ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും താഴെ പറയും പ്രകാരം 2022-23 വരെ 3,09,885 രൂപ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കാനുണ്ട്.

| വർഷം | തുക |
|---|---|
| 2014-15 | 9530 |
| 2015-16 | 49205 |
| 2016-17 | 35805 |
| 2017-18 | 48800 |
| 2018-19 | 59290 |
| 2019-20 | 27900 |
| 2020-21 | 25425 |
| 2021-22 | 29425 |
| 2022-23 | 24505 |
| ആകെ | 309885 |

തുക ലഭ്യമാക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (1/14.3.23) തുടർ നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണെന്ന് അസി.എക്സി.എഞ്ചിനീയർ അറിയിച്ചു. ഇ-ടെണ്ടർ ഫീസ് തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-16 മരാമത്ത് പ്രവൃത്തി അപാകതകൾ - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 13080 രൂപ തിരിച്ചടവാക്കി

1.അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വനിതാ കാന്റീൻ നവീകരണം (പ്രൊജക്ട് 108/21-22) സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് അധികം നൽകിയതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം(18/18.3.23) 2318 രൂപ രസീതി122040100041/20.03.2023 പ്രകാരം തിരിച്ചടവാക്കി.
2.അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വനിതാ കാന്റീൻ നവീകരണം (പ്രൊജക്ട് 108/21-22) സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് അധികം നൽകിയതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം(17/18.3.23) 5258 രൂപ രസീതി 122040100042/20.03.2023 പ്രകാരം തിരിച്ചടവാക്കി.
3.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ടോയ്‌ലറ്റ് നിർമ്മാണം ( പ്രൊജക്ട് 82/22) സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് അധികം നൽകിയതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം(16/18.3.23) 2555 രൂപ രസീതി 122040100043/20.03.2023 പ്രകാരം തിരിച്ചടവാക്കി.
4. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ സ്പെക്ട്രം സ്കൂളിൽ ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് നിർമ്മാണം ( പ്രൊജക്ട് 83/22) സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് അധികം നൽകിയതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം(25/20-03-2023) 1559 രൂപ

രസീതി 122040100044 /23.03.2023 പ്രകാരം തിരിച്ചടവാക്കി.

5.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ നവീകരണം ( പ്രൊജക്ട് 123/22) എക്സ്ട്രാ ഇനം ആയി ചെയ്ത സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള നിരക്ക് അധികം നൽകിയതായി സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം(26/20-03-2023) 1390 രൂപ രസീതി 1220400045 /23.03.2023 പ്രകാരം തിരിച്ചടവാക്കി.

## 1-17 പട്ടുതാക്കുളം-മീൻകൃഷി-അപാകതകൾ

സുഭിക്ഷ കേരളം പദ്ധതിപ്രകാരം ഫിഷറീസ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യകൃഷി നടത്തുന്നതിനും അതു വഴി ഈ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി പട്ടുതാക്കുളം -മീൻകൃഷി എന്ന പ്രൊജക്ടുകൾ നടപ്പാക്കുകയും ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ ഗ്രൂപ്പുകൾക്ക് ആനുകൂല്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിരീക്ഷിച്ച അപാകതകൾ ഉപ ഖണ്ഡിക 1-17-1,1-17-2.1-17-3 എന്നിവയിൽ പരാമർശിക്കുന്നു.

## 1-17-1 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം അനുവദിച്ചു.

പ്രൊജക്ടിന്റെ പേര്,നം- പട്ടുതാക്കുളം-മീൻകൃഷി

അടങ്കൽ-736600(വികസന ഫണ്ട്-ജനറൽ-195400,സംസ്ഥാനം-98400,മറ്റുള്ളവ-442800)

ചെലവ്- 195400(വികസന ഫണ്ട്-ജനറൽ-195400 ,സംസ്ഥാനം-0,മറ്റുള്ളവ-0)
BRN No.21150463022401424171/23.03.2022-97000/-
21150463022401437070/24.03.2022-32800/-

മേൽ പദ്ധതി പ്രകാരം വീട്ടുവളപ്പിലെ കുളത്തിൽ കൃഷി ചെയ്യുന്നതിന് 6 ഗ്രൂപ്പുകൾക്ക് അവരുടെ ചെലവിന് ആനുപാതികമായി ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത അക്വവേൾഡ്,ഒരുമ എന്നീ രണ്ട് ഗ്രൂപ്പുകൾക്ക് 32800/- രൂപ വീതം ആനുകൂല്യം അനുവദിച്ചതായി കാണാൻ കഴിഞ്ഞു. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം അനുവദിച്ചതിന് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28/20.03.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ ചെലവു തുക 65600/- രൂപ തടസ്സം ചെയ്യുന്നു.

## 1-17-2 രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ടിന്റെ പേര്,നം- പട്ടുതാക്കുളം-മീൻകൃഷി-എസ് സി

അടങ്കൽ-123000(വികസന ഫണ്ട്-scp-61500,സംസ്ഥാനം-30750,മറ്റുള്ളവ-30750)

ചെലവ്- 61500(വികസന ഫണ്ട്-scp-61500,സംസ്ഥാനം-0,മറ്റുള്ളവ-0)
BRN No.21150463022401441859/24.03.2022-61500/-

മേൽ പദ്ധതി പ്രകാരം വീട്ടുവളപ്പിലെ കുളത്തിൽ കൃഷി ചെയ്യുന്നതിന് എവർഗ്രീൻ ഫാം എന്ന എസ് സി ഗ്രൂപ്പിന് 61500/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. അപേക്ഷ പരിശോധിച്ചതിൽ ധനിൽ ലാൽ പഴയപടിക്കൽ,അജിത്ത് പുളിക്കലയിൽ,സനൂപ് നമ്പടിയാട്ടിൽ,വിനോദ് തലേക്കര എന്നിവർ അംഗങ്ങളായിട്ടുള്ള ഗ്രൂപ്പിൽ ആരുടെയും ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ജാതി തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി (നം.24/20.03.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ ഗ്രൂപ്പ് അംഗങ്ങളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-17-3 ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2021-22 വർഷത്തിൽ ഫിഷറീസ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി | അടങ്കൽ, ചെലവ് |
|---|---|
| പട്ടുതാക്കുളം<br>(എസ് സി)-വനിത 96/22 | അടങ്കൽ- 182250/-(എസ്.സി.പി)<br>ചെലവ്- 59250/-(എസ്.സി.പി) |
| പട്ടുതാക്കുളം (മീൻകൃഷി)<br>(സുഭിക്ഷ കേരളം)- 95/22 | അടങ്കൽ- 738000 (വി.ഫ-ജനറൽ)<br>ചെലവ്- 214320 (വി.ഫ-ജനറൽ) |

മുകളിൽ പരാമർശിച്ച പദ്ധതികളുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കാനായി ഓഡിറ്റ് എൻക്വയറി

(നം.23/20.03.2023) നൽകിയിരുന്നുവെങ്കിലും ഫയലുകൾ ഹാജരാക്കിയില്ല. ഫയലുകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 273570/-രൂപ തടസ്സം ചെയ്യുന്നു.

## 1-18 ആട്ടും കൂട്ടും പദ്ധതി -അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ- സീനിയർ വെറ്ററിനറി സർജൻ
പ്രൊജക്ടിന്റെ പേര്,നം- ആട്ടും കൂട്ടും പദ്ധതി എസ് സി ഗ്രൂപ്പുകൾക്ക് MGNREGS മായി സംയോജിതമായി വിഭാവനം ചെയ്ത പദ്ധതി,100/22

അടങ്കൽ-410000(വികസന ഫണ്ട്-scp-200000, കേന്ദ്രാവിഷ്കൃത ഫണ്ട്-120000,മറ്റുള്ളവ-90000)

ചെലവ്-200000 (വികസന ഫണ്ട്-scp-200000, കേന്ദ്രാവിഷ്കൃത ഫണ്ട്-0,മറ്റുള്ളവ-0)

BRN No.-21150463022501195572/24.02.2022-1,00,000/-
21150463022501052305/29.01.2022-1,00,000/-

ആട് ഉത്പാദനം വർദ്ധിപ്പിക്കുകയും അതു വഴി മികച്ച വരുമാനം ലഭ്യമാക്കുന്നതിനും ലക്ഷ്യം വെച്ച് കൊണ്ട് 19 പെണ്ണാടും 1 മുട്ടനാടും ഉൾപ്പടെ 20 ആടുകളുള്ള ഒരു യൂണിറ്റിന് 100000/- രൂപ സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പദ്ധതി പ്രകാരം പ്രതീക്ഷ , കിങ്ങിണി എന്ന പേരുള്ള 2 എസ് സി ഗ്രൂപ്പുകൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ആനുകൂല്യം അനുവദിച്ച എസ് സി ഗ്രൂപ്പുകളെ ഭരണസമിതി അംഗീകരിച്ചതായി കാണുന്നില്ല. പകരം ഗുണഭോക്താക്കളെയാണ് അംഗീകരിച്ചിട്ടുള്ളത്. പ്രതീക്ഷ എസ് സി ഗ്രൂപ്പിലെ അംഗങ്ങളായ കോമളം,ചന്ദ്രമതി,സരോജിനി,പാറുക്കുട്ടി എന്നിവരാരും തന്നെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

2. സബ്സിഡി മാർഗ്ഗരേഖ പ്രകാരം യൂണിറ്റൊന്നിൽ 19 പെണ്ണാടും 1 മുട്ടനാടും ആണ് ഉൾപ്പടേണ്ടത്. വിലച്ചീട്ട് പ്രകാരം രണ്ട് ഗ്രൂപ്പുകളും 19 പെണ്ണാടിനേയും 1 മുട്ടനാടിനേയും വാങ്ങി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.എന്നാൽ ഇൻഷ്യൂറൻസ് രേഖകൾ പ്രകാരം പ്രതീക്ഷ ഗ്രൂപ്പ് 16 പെണ്ണാടിനേയും 4മുട്ടനാടിനേയും കിങ്ങിണി ഗ്രൂപ്പ് 18 പെണ്ണാടിനേയും 2 മുട്ടനാടിനേയുമാണ് ഇൻഷ്യൂർ ചെയ്തിട്ടുള്ളത്.

3.സബ്സിഡി മാർഗ്ഗരേഖ പ്രകാരം തെരഞ്ഞെടുക്കുന്ന ഗ്രൂപ്പുകൾക്ക് ആട് വളർത്തലിൽ പരിശീലനം നൽകേണ്ടതാണ്. എന്നാൽ ഇത് സംബന്ധിച്ചുള്ള യാതൊരു വിവരവും ഫയലിൽ ഇല്ല.
മേൽ അപാകത കാണിച്ച് ഓഡിറ്റ് എൻക്വയറി (നം.9/15.03.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതു വരെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗ്രൂപ്പിന് ആനുകൂല്യം നൽകിയതു വഴി ചെലവായ 1,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-19 പശു വളർത്തൽ പദ്ധതി -അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ- ക്ഷീര വികസന ഓഫീസർ
പ്രൊജക്ടിന്റെ പേര്,നം- പശു വളർത്തൽ എസ് സി പദ്ധതി- MGNREGS മായി സംയോജിതമായി വിഭാവനം ചെയ്ത പദ്ധതി, പ്രൊജക്ട് 21/22

അടങ്കൽ-2075000(വികസന ഫണ്ട്-scp-990000, കേന്ദ്രാവിഷ്കൃത ഫണ്ട്-700000, മറ്റുള്ളവ-385000)

ചെലവ്-990000 (വികസന ഫണ്ട്-scp-990000, കേന്ദ്രാവിഷ്കൃത ഫണ്ട്-0,മറ്റുള്ളവ-0)

BRN No.-21150463021701248708/04.03.2022-360,000/-

21150463021701407399/22.03.2022-90,000/-

21150463021701482641/26.03.2022-90,000/-

21150463021701482589/26.03.2022-90,000/-

21150463021701486785/26.03.2022-90,000/-

21150463021701488232/26.03.2022-180000/-

21150463021701492081/27.03.2022-90,000/-

പാലുൽപ്പാദനം വർദ്ധിപ്പിക്കുകയും അതു വഴി ഈ മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും മികച്ച വരുമാനം ലഭ്യമാക്കുന്നതിനും 60000/-രൂപ വിലയുള്ള 2 പശുക്കളെ വാങ്ങി നൽകുന്നതിനാണ് മേൽ പ്രൊജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിച്ച ഗുണഭോക്താക്കൾക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴുത്ത് പണിതു കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. 2പശുവിന്റെ വിലയായ 120000/- രൂപ

ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുകയും സബ്സിഡി തുക 90000/-രൂപ ബാക്ക് എൻഡ് സബ്സിഡിയായി ഗുണഭോക്താക്കളുടെ ലോൺ അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിന് വേണ്ടി ബാങ്കിലേക്ക് അനുവദിക്കുകയുമാണ് ചെയ്യുന്നത്. മേൽ പദ്ധതി പ്രകാരം താഴെ പറയുന്ന 11 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1.സബ്സിഡി തുക ലോണിലേക്ക് ബാക്ക് എൻഡ് സബ്സിഡി ആയി വകയിരുത്തുവാൻ ബാങ്കിലേക്ക് അനുവദിക്കുന്നതിന് പകരം താഴെ പറയുന്ന ഗുണഭോക്താക്കളുടെ ലോൺ അക്കൌണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്

1.സുബിത,മേച്ചിനാത്ത് വളപ്പിൽ

2.കാർത്ത്യായനി കെ പി, ചിറക്കൽ കുണ്ടൻമാരിയിൽ

3.വിജയലക്ഷ്മി എം പി, മാനം കണ്ടത്ത്പടി

4.ദിവ്യ ഒ വി, നരിപ്പറമ്പിൽ

5.മണി,വഴങ്ങിൽ

6.സുജാത, മൂച്ചിക്കുട്ടത്തിൽ

2.തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴുത്ത് പണിതു കൊടുത്തിട്ടുള്ളതിനാൽ പദ്ധതിയുടെ ചെലവ് 2പശുവിന്റെ വിലയായ 120000/- രൂപയാണ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കേണ്ടത്. എന്നാൽ താഴെ പറയുന്ന 6 പേർ 200000/- രൂപയും ഷീല,വലിയംപറമ്പ് എന്നവർ 160000/- രൂപയുമാണ് വായ്പയെടുത്തിട്ടുള്ളത്.

1.സുബിത,മേച്ചിനാത്ത് വളപ്പിൽ

2.കാർത്ത്യായനി കെ പി, ചിറക്കൽ കുണ്ടൻമാരിയിൽ

3.ദിവ്യ ഒ വി, നരിപ്പറമ്പിൽ

4. വിജയലക്ഷ്മി ,ഇളംകുളത്ത്

5.മണി,വഴങ്ങിൽ

6.ലക്ഷ്മി, മനക്കടവത്ത്

അപാകതക്ക് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി(നം.10/15.03.2023) നൽകിയിരുന്നതിന് ബാങ്കിന്റെ നിർദ്ദേശ പ്രകാരമാണ് ഗുണഭോക്താക്കളുടെ ലോൺ അക്കൌണ്ടിലേക്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തതെന്നും ചില ബാങ്കുകളുടെ സസ്പെൻസ് അക്കൗണ്ടിലേക്ക് തുക സാംഖ്യ സോഫ്റ്റ് വെയറിൽ നിന്ന് അനുവദിക്കുന്നതിന് ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നും പദ്ധതിയുടെ ഭാഗമായി ചില ഗുണഭോക്താക്കൾ തൊഴുത്ത് നിർമ്മിക്കുന്നതിനും ഇൻഷൂറൻസ് ചെയ്യുന്നതിനുള്ള ചെലവുകൾ കൂടി ഉൾപ്പടെയാണ് ലോണെടുത്തിട്ടുള്ളതെന്നും അതുകൊണ്ടാണ് ലോൺ തുകയിൽ വ്യത്യാസം വന്നിട്ടുള്ളതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 1-20 MO CHC യുടെ SIDCO യിൽ നിന്നുള്ള വാങ്ങൽ-നടപടിക്രമങ്ങൾ പാലിച്ചില്ല.

2021-22 സാമ്പത്തിക വർഷത്തിൽ MO CHC നിർവഹണോദ്യോഗസ്ഥനായി മാറഞ്ചേരി സർക്കാർ സാമൂഹികാരോഗ്യ കേന്ദ്രത്തിലേക്ക് താഴെ പറയുന്ന സാധന സാമഗ്രികൾ SIDCO യിൽ നിന്ന് വാങ്ങിയിട്ടുണ്ട്

പ്രൊജക്റ്റ് വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പര് | SO 125/22 |
| പ്രൊജക്റ്റിന്റെ പേര് | -മാറഞ്ചേരി CHC യിലേക്ക് ഫർണിച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | - 150000/- MG (NR) |
| ചെലവ്- | 150000/- |
| ബിൽ നം | .. BRN- 2115046302200138844 8/20.03.2022 |
| നിർവഹണോദ്യോഗസ്ഥന് | മെഡിക്കൽ ഓഫീസർ CHC, മാറഞ്ചേരി |
| സാധന സാമഗ്രികൾ സപ്ലൈ ചെയ്ത ഏജൻസി- | SIDCO മാർക്കറ്റിംഗ് സെന്റർ, ഒല്ലൂർ, തൃശ്ശൂർ |
| ഇൻവോയ്സ് നമ്പർ | OLR/21-22/291 Dated 17.03.2022 |
| Order No. | 161/2022 Dated -26.02.2022 |

| | |
|---|---|
| SIDCO A/C No | 52250200000110 Bank Of Baroda Ollur Branch |

മാറഞ്ചേരി CHC യിലേക്ക് ഫർണിച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നാണ് പ്രൊജക്ടിന്റെ പേരെങ്കിലും മേൽ പറഞ്ഞ ഇൻവോയ്സ് പ്രകാരം താഴെ പറയുന്ന സാധന സാമഗ്രികളാണ് വാങ്ങിയിട്ടുള്ളത്

| SL.No | HSN/SAC No | Item Name | Quantity | Unit Price Including GST @18% | Gross Value |
|---|---|---|---|---|---|
| 1 | 8504 | UPS- ATEC 2KVA/24V Offline UPS | 1 | 14508/- | 14508/- |
| 2 | 8507 | Battery/ EXIDe 12V 150 AH Tubular Battery | 2 | 12121 | 24242/- |
| 3 | 8504 | UPS- Microtek 1225VA/12VHome UPS | 1 | 7164/- | 7164/- |
| 4 | 8507 | Battery/ EXIDe 12V 150 AH Tubular Battery | 1 | 12539/- | 12539/- |
| 5 | 8418 | Refregerator LG 260 Litre 3star Inverter Fridge With Vguard Stabilizer And Stand | 2 | 30923/- | 61846/- |
| | | | | CGST | 13045.93 |
| | | | | SGST | 13045.93 |
| | | | | Transportation Charges | 3608.97 |
| | | | | Round Off | 0.17 |
| | | | | | 150000.00 |

SIDCO യിൽ നിന്നും മേൽ പറഞ്ഞ സാധനങ്ങൾ വാങ്ങിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു

(1) GO(RT)26/2015/SPD/Dated 28.05.2015 ഉത്തരവിനോട് അനുബന്ധമായി ചേർത്ത പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധന സാമഗ്രികൾ SIDCO യിൽ നിന്നും സർക്കാർ ഉത്തരവിനു വിരുദ്ധമായി ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ SIDCO നിശ്ചയിച്ച വില നൽകി വാങ്ങിയത് ക്രമപ്രകാരമമല്ല.

( 2) പ്രസ്തുത സാധന സാമഗ്രികൾ SIDCO നേരിട്ട് ഉൽപ്പാദിപ്പിക്കുന്നതാണെന്ന SIDCO യിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

(3) കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളായ UPS , Battery എന്നിവ CRPCS മുഖേനയും അങ്ങനെ ലഭ്യമല്ലാത്ത പക്ഷം GEM പോർട്ടൽ മുഖേനയും അത് മുഖേന ലഭ്യമല്ലാത്ത പക്ഷം Procurement മാനുവൽ പ്രകാരം ടെൻഡർ നടപടിക്രമങ്ങൾ കർശനമായി പാലിച്ച് വാങ്ങുകയും ചെയ്യേണ്ടതാണെന്നിരിക്കെ മേൽ പറഞ്ഞ മാനുവലിലെ നിർദേശങ്ങൾക്ക് വിരുദ്ധമായി കമ്പ്യൂട്ടർ അധിഷ്ഠിത ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല.

(4) മേൽ പറഞ്ഞ Invoice ഇനം 5-Refregerator GEM പോർട്ടൽ മുഖേനയോ അല്ലാത്ത പക്ഷം മത്സരാധിഷ്ഠിത ടെൻഡർ നടപിക്രമങ്ങൾ പാലിച്ചോ വാങ്ങേണ്ടതിനു പകരം SIDCO യിൽ നിന്നും നേരിട്ടു വാങ്ങിയതും നിലവിലുള്ള സാധന-സേവന സംഭരണ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്.

മേൽ പറഞ്ഞ വിധം സർക്കാർ ഉത്തരവിനു വിരുദ്ധമായി SIDCO യിൽ നിന്ന് സാധന സാമഗ്രികൾ വാങ്ങിയ നടപടിയിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 21/20.02.2023) മറുപടി സമർപ്പിച്ചില്ല. ആയതിനാൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി വസ്തുവകകൾ സംഭരിച്ച നടപടിയിൽ സർക്കാർ സാധൂകരണം ലഭ്യമാകുന്നത് വരെ ഇതിന്റെ ചെലവു തുക 150000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങൽ സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപടിക്രമങ്ങൾ പാലിച്ചില്ല.

2021-22 സാമ്പത്തിക വർഷത്തിൽ MO CHC നിർവഹണോദ്യോഗസ്ഥനായി മാറഞ്ചേരി സർക്കാർ സാമൂഹികാരോഗ്യ കേന്ദ്രം -സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റിന് താഴെ പറയുന്ന സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ട്

പ്രൊജക്റ്റ് വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പര് | SO 131/22 |
| പ്രൊജക്ടിന്റെ പേര് | -മാറഞ്ചേരി CHC -സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റിന് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ തുക | - 350000/- പൊതു വിഭാഗം ( സാധാരണ വിഹിതം) |
| ചെലവ്- | 350000/- |
| ബിൽ നം | .. BRN- 211504630220011257814/05.03.2022 |
| നിർവഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ CHC, മാറഞ്ചേരി |
| സാധന സാമഗ്രികൾ സപ്ലൈ ചെയ്ത ഏജൻസി- | SIDCO മാർക്കറ്റിംഗ് സെന്റർ, ഒല്ലൂർ, തൃശ്ശൂർ |
| ഇൻവോയ്സ് നമ്പർ | OLR/21-22/435/ 30.0322 |

മാറഞ്ചേരി CHC യിലേക്ക് ഫർണിച്ചർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്നാണ് പ്രൊജക്ടിന്റെ പേരെങ്കിലും മേൽ പറഞ്ഞ ഇൻവോയ്സ് പ്രകാരം താഴെ പറയുന്ന സാധന സാമഗ്രികളാണ് വാങ്ങിയിട്ടുള്ളത്

| SL.No | HSN/SAC No | Item Name | Quantity | Unit Price Including GST @18% | Gross Value |
|---|---|---|---|---|---|
| 1 | 909 | AIRBED | 12 | 2062.49 | 24749.88 |
| 2 | 9018 | Surgical Bin (9x9) | 6 | 937.65 | 5625.90 |
| 3 | 9018 | Gluco Meter ( One Touch) | 12 | 937.49 | 11249.88 |
| 4 | 3822 | Gluco Meter Strip ( 50Nos) | 22 | 984.38 | 21656.36 |
| 5 | 9402 | Hospital Cot ( One Crank Cot With Mettress) | 12 | 13500 | 162000 |
| 6 | 9018 | Surgical Bin ( 6x6) | 6 | 567.45 | 3404.70 |
| 7 | 9402 | Side Rail ( For Cot) | 12 | 1500 | 18000 |
| 8 | 9403 | SteelTable With One Drawer And One Cupboard 18mmlaminated Top Of Size 120x60x75cm( 20G) | 1 | 5466 | 5466/- |
| 9 | 9403 | Steel Cabinet With 4 Shelves 198x90x48cm(20G) | 1 | 9399 | 9399/- |
| 10 | 8773 | Wheel Chairfull SS 45cmwidthx88cmHeight | 1 | 13066 | 13066/- |
| 11 | 9402 | Strecher On Trolly Full SS 198L 53W,76Cm Height | 1 | 18184 | 18184/- |
| | | | | Total | 292801.72 |
| | | | | Transportation Charge | 8784.05 |
| | | | | CGST | 24207.33 |
| | | | | SGST | 24207.33 |
| | | | | Total | 3,50,000.00 |

SIDCO യിൽ നിന്നും മേൽ പറഞ്ഞ സാധനങ്ങൾ വാങ്ങിയതിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു

(1) GO(RT)26/2015/SPD/Dated 28.05.2015 ഉത്തരവിനോട് അനുബന്ധമായി ചേർത്ത അംഗീകൃത പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത മേൽ പറഞ്ഞ ക്രമനമ്പർ (1) മുതൽ (7) വരെയുള്ള സാധന സാമഗ്രികൾ SIDCO യിൽ നിന്നും സർക്കാർ

ഉത്തരവിനു വിരുദ്ധമായി ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ SIDCO നിശ്ചയിച്ച വില നൽകി വാങ്ങിയത് ക്രമപ്രകാരമമല്ല.

( 2) പ്രസ്തുത സാധന സാമഗ്രികൾ SIDCO നേരിട്ട് ഉൽപ്പാദിപ്പിക്കുന്നതാണെന്ന SIDCO യിൽ നിന്നുള്ള സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ വിധം സർക്കാർ ഉത്തരവിനു വിരുദ്ധമായി SIDCO യിൽ നിന്നും സാധന സാമഗ്രികൾ വാങ്ങിയ നടപടിയിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 22/20.03.2023 ന് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ സാധന-സേവന സംഭരണ നടപടിക്രമങ്ങൾ പാലിക്കാതെ നിർവഹിച്ച വാങ്ങൽ നടപടിയിൽ സർക്കാർ സാധൂകരണം ലഭ്യമാക്കുന്നത് വരെ ഈ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച 350000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 യു.പി.എസ് വില അധികം നൽകിയത് ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 2400 രൂപ തിരിച്ചടവാക്കി.

സെക്രട്ടറി നടപ്പാക്കിയ ബ്ലോക്ക് പഞ്ചായത്ത് ഡയാലിസിസ് സെന്ററിന്റെ അടിസ്ഥാന സൗകര്യ വികസനം എന്ന പ്രൊജക്ടിൽ ( 126/22) ഉൾപ്പെടുത്തി 6 ബാറ്ററികൾ ബൈ-ബാക്ക് വ്യവസ്ഥയിൽ ഹൈക്കൺ ഇന്ത്യ , കോഴിക്കോടിൽ നിന്നും വാങ്ങിയപ്പോൾ പഴയ ബാറ്ററിയുടെ വില 2400 കുറവ് ചെയ്യാതിരുന്നതിനാൽ അധികം നൽകിയ 2400 രൂപ(CFC ഗ്രാന്റ് ബിൽ 279/19.3.22 ) ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (12/17.3.2023) രസീതി 1230799406728/20.03.2023 പ്രകാരം തിരിച്ചടവാക്കി.

## 1-23 ഗവ: സ്കൂളിൽ ബാലികാ സൗഹൃദ വിശ്രമമുറി - പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ- ചെലവു തുക തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹിച്ച ഗവ: സ്കൂളിൽ ബാലികാ സൗഹൃദ വിശ്രമമുറി എന്ന പ്രൊജക്ടിന്റെ ഭാഗമായി വിശ്രമമുറി സജ്ജീകരിക്കുന്നതിന് വേണ്ടി SIDCOയിൽ നിന്നും ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ സാധന സാമഗ്രികൾ വാങ്ങുകയും, പൊതു മരാമത്ത് മാനുവലിലെ നടപടിക്രമങ്ങൾ പാലിക്കാതെ ഏതാനും പ്രവൃത്തികളുടെ നിർവഹണച്ചുമതല SIDCOയെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് വിശദാംശങ്ങൾ

പ്രൊജക്ട് നമ്പർ S00115/22
പ്രൊജക്ടിന്റെ പേര് ഗവ: സ്കൂളിൽ ബാലികാ സൗഹൃദ വിശ്രമമുറി

(Marancheri GHSS)
അടങ്കൽ 400000/-( ധനകാര്യക്കമ്മീഷൻ ഗ്രാന്റ്)
ആകെ ചെലവ് 382097/-

SIDCO ക്ക് നൽകിയ തുക 287947/- (Vr.No. XVFC/2021-22/P/5/Dated 05.02.2022 ,SIDCO Bank A/C No. SBIN-0070197- 57069281569)

നിർവഹണ ഏജൻസി സിഡ്കോ മാർക്കറ്റിംഗ് സെന്റർ, മഞ്ചേരി

പ്രൊഫോർമ ഇൻവോയ്സ് നമ്പർ- SMCMJRI/PI/21-22/336 16.10.21

ഇൻവോയ്സ് നമ്പർ MJRI/21-22/201/24.01.2022
ഓർഡർ നമ്പർ C-2128/22 Dated 15.01.2022

ബ്ലോക്ക് പഞ്ചായത്ത് -തീരുമാനം നമ്പർ -01/01/തീയ്യതി.12.01.2022

SIDCO എഗ്രിമെന്റ് നമ്പർ 03/21-22 Dated- 16.01.2022

നിർവഹണോദ്യോഗസ്ഥൻ- സെക്രട്ടറി, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്.

വാങ്ങിയ സാധനങ്ങൾ, ചുമതലയേൽപ്പിച്ച പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ

| ക്രമനം | വാങ്ങിയ സാധനങ്ങൾ | എണ്ണം/ അളവ് | വില | ആകെ തുക |
|---|---|---|---|---|
| 1 | Partition Work For Council<br>Partition With Cloth Curain Used By Sliding Like | 1 | 5800/- | 5800/- |

| | | | | |
|---|---|---|---|---|
| | One Shape INCLUDING ALL COST OF METERIALS | | | |
| 2 | Partition Work For VARANDHA- Partion With Two Side Vbaoard With Frame And Including All Cost Of Meterials | 1 | 79500/- | 79500/- |
| 3 | Office Table For Council Room Made In Particle Board With 1 Key Board Tray, 1 Shelf And 1 Drawer Handle, Hinges With Lock | 1 | 8300/- | 8300/- |
| 4 | Office Table – Special Type For Reading – Made In Particle Board With Drawer Including Handle Hinges With Lock (150x100x75) | 1 | 9800 | 9800/- |
| 5 | Curtian 18% Roller Binds Curtian - Providing And Fixing On The Windows Complete In All Respects As Per The Drawing , The Meterial Is Fine Texture , Durable Exellent Finish | 3 | 5689 | 17067 |
| 6 | Prelaminated Particle Board- Almirah, With Shelves, Special Type | 1 | 9800 | 9800/- |
| 7 | Steel Visitors Chair With Cushion Seat And Back | 8 | 3132 | 25056/- |
| 8 | Hardwood Arm Chair VC Chair With Seat And Back Special Type | 4 | 9900 | 39600/- |
| 9 | <u>Painting Work</u><br>Painting Work Providing Making Ceiling And Wall Painting And Varandha Painting And Applying Primer And Approved Made Emulsion Paint Including Window Painting Rate Inclusive Of Meterials | 1 | 19500/- | 19500/- |
| 10 | Cot- With Pillow And Bed Cover | 2 | 8000 | 16000/- |
| 11 | Pre-laminates Particle Board<br>Cot Box Wiuth Three Shelves And Handle With Lock | 2 | 3900 | 7800/[ |
| 12 | Pre-laminated Board Rack 3 Panel | 1 | 5800/- | 5800/- |
| | | | TOTAL | 244023 |
| | | | CGST | 21962.07 |
| | | | SGST | 21962.07 |
| | | | TOTAL | 287947/- |

<u>അപാകതകൾ</u>

(1) സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (GO(RT) 1/2021/SPD Dt. 05.01.2021, GO(RT) 27/2020/SPD Dt. 31.12.2020). എന്നാൽ ഉത്തരവിൽ ഉൾപ്പെടാത്ത സാധന- സാമഗ്രികളാണ് (ഇനം- 7 ഒഴികെ)ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രസ്തുത Invoice പ്രകാരം വാങ്ങിയിട്ടുള്ളത്.

(2) സിഡ്കോയുടെ പ്രൊഫോർമ Invoice കൂടാതെ കേരളാ സ്റ്റേറ്റ് എന്റർപ്രൈസസ് ലിമിറ്റഡിന്റെ 11.10.2021 KSIE/CLT /MKTG/Po11C/2021-22 എന്ന നമ്പറായി ഒരു കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ Ladies Friendly Room ലേക്കുള്ള സാധന സാമഗ്രികളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല പ്രസ്തുത രേഖ പ്രൊഫോർമ ഇൻവോയ്സ് അല്ലെന്നും ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ യാതൊരു സാധനസാമഗ്രികളും നിരക്കും അതിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. അക്രെഡിറ്റഡ് ഏജൻസികളിൽ Bidding നടത്താതെയാണ് ഒരൊറ്റ ഏജൻസിയിൽ നിന്നും സാധന-സാമഗ്രികൾ സംഭരിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

GO(RT)26/2015/SPD/Dated 28.05.2015 ഉത്തരവിനോട് അനുബന്ധമായി ചേർത്ത പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത സാധന സാമഗ്രികൾ SIDCO യിൽ നിന്നും സർക്കാർ ഉത്തരവിനു വിരുദ്ധമായി ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ( ഇനം 7 – ഒഴികെ)

(3) മേൽ പറഞ്ഞ Invoice-ലെ- ഇനം.1- Partition Work- For Council- Partition With Cloth Curtain, ഇനം- 2- Partition Work - For Varandha -Partition With V Board With Frame, ഇനം- 9 – Painting Work- Providing Making Ceiling , Wall And Varandha Painting എന്നീ പ്രവൃത്തികൾക്ക്സർക്കാർ ഉത്തരവ് GO(P) 67/21/Fin Dt 27.04.2021 അനുസരിച്ച് വിശദമായ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയറിൽ, CPWD, MORd Data എന്നിവയനുസരിച്ച് തയ്യാറാക്കണമെന്നും , പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാനുവലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് മേൽ പറഞ്ഞ മൂന്ന് ഇനം പ്രവൃത്തികൾ നിർവഹിച്ചിട്ടുള്ളത്. ആയതിനാൽ മേൽ പറഞ്ഞ പ്രവൃത്തികളുടെ നിരക്ക് കണക്കാക്കിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

മേൽ പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 19/18.03.2023) സമർപ്പിച്ച മറുപടിയിൽ പരാമർശത്തിൽ ചൂണ്ടിക്കാണിച്ച അപാകതകൾ ആവർത്തിക്കയില്ലെന്നും ഇത്തരത്തിലുള്ള പ്രവൃത്തികൾ സർക്കാർ നിർദ്ദേശം പാലിച്ചുകൊണ്ട് മാത്രമേ നിർവ്വഹിക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തിയിന്മേൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ സാധൂകരണം ലാഭ്യമാക്കുന്നത് വരെ ഈ പ്രൊജക്ടിനു വേണ്ടി ചെലവഴിച്ച 287947/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 198000 | ലൈഫ് / പി എം എ വൈ 5/22 | 198000 | 0 |
| ഗ്രാമ പഞ്ചായത്ത് | 0 | 1482355 | ലൈഫ് / പി എം എ വൈ – 5/22 | 1482355 | 0 |
| ഗ്രാമ പഞ്ചായത്ത് | 0 | 500000 | സ്പെക്ട്രം സ്കൂൾ തുടർപ്രവർത്തനം 39/22 | 500000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓ.റി വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3(4) | 2007-08 | 3.1.48 | കുടിവെള്ള പദ്ധതി ലക്ഷ്യം നേടിയില്ല | തടസ്സം തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58164878 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59394551 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1997517 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 390400 | ശ്രീ ശിഹാബുദ്ദീൻ പി,പട്ടികജാതി വികസന ഓഫീസർ |
| 1-13 | 100000 | ശ്രീ ശിഹാബുദ്ദീൻ പി,പട്ടികജാതി വികസന ഓഫീസർ |
| 1-14 | 280000 | ശ്രീമതി ആശാറാണി പി എസ്, സി ഡി പി ഒ |
| 1-17-1 | 65600 | ഡോ സീമ സി,അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് |
| 1-17-3 | 273570 | ഡോ സീമ സി,അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് |
| 1-18 | 100000 | ഡോ പ്രഭാകരൻ കെ ബി,സീനിയർ വെറ്ററിനറി സർജൻ |
| 1-20 | 150000 | ഡോ അരുൺനാഥ് സോമനാഥൻ, മെഡി ഓഫീസർ |

| | | |
|---|---|---|
| 1-21 | 350000 | ഡോ അരുൺനാഥ് സോമനാഥൻ, മെഡി ഓഫീസർ |
| 1-23 | 287947 | ഡോ അരുൺനാഥ് സോമനാഥൻ, മെഡി ഓഫീസർ |
| ആകെ | 1997517 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽഎഫ്.എം 4/1567/05 തിയതി 7.6.2006 | 8 |
| 1999-00 | എൽഎഫ്.എം 9/190/06 തിയതി 7.06.2006 | 11 |
| 2000-01 | എൽഎഫ്.എം 10/966/07 തിയതി 22.1.2008 | 2 |
| 2002-03 | എൽഎഫ്.എം 10/968/07 തിയതി 22.1.2008 | 3 |
| 2003-04 | എൽഎഫ്.എം 10/969/07 തിയതി 19.1.2007 | 1 |
| 2004-05 | എൽഎഫ്.എം 10/970/07 തിയതി 16.10.2007 | 1 |
| 2005-06 | എൽഎഫ്.എം 10/971/07 തിയതി 25.10.2007 | 3 |
| 2006-07 | എൽഎഫ്.എം 15/486/10 തിയതി 5.7.2010 | 4 |
| 2007-08 | എൽഎഫ്.എം 15/487/10 തിയതി 11.6.2010 | 4 |
| 2008-09 | എൽഎഫ്.എം 4/516/12 തിയതി 12.4.12 | 3 |
| 2009-10 | എൽഎഫ്.എം 4/517/12 തിയതി.12.4.12 | 5 |
| 2010-11<br>2012-13 | എൽഎഫ്.എം 4/1371/2014 തിയതി 23.8.14 | 15 |
| 2013-14 | എൽഎഫ്.എം 4/283/2015 തിയതി 25.2.15 | 5 |
| 2014-15 | കെ.എസ്.എ.എം.പി.എം.8/2736/15 തിയതി :27-11-2015 | 8 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.8/684/2017 തിയതി :22-03-2017 | 11 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.8/2488 /2017തിയതി29.11.17 | 15 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.8/1785 /2022തിയതി12.08.2022 | 16 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.8/1294 /2020തിയതി11.05.21 | 6 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.8/1329 /2022തിയതി 02.12.22 | 7 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം.8/1330/2022 തിയതി 02.12.22 | 9 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്